# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/47/2018 2018 മാർച്ച് 3

## പത്രക്കുറിപ്പ്

**വൈവാവോസി**

2017 ഡിസംബറിൽ നടന്ന മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ എം.എ. സംസ്കൃതം (പ്രൈവറ്റ് രജിസ്ട്രേഷൻ റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ജനറൽ പരീക്ഷയുടെ വൈവാവോസി മാർച്ച് 5ന് രാവിലെ 10 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽവച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

തിരുവല്ല മാക്ഫാസ്റ്റ് കോളേജിൽ 2017 ജൂലെ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. (റഗുലർ) പരീക്ഷയുടെ തടഞ്ഞുവെച്ച പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 16 വരെ അപേക്ഷിക്കാം. നാലാം സെമസ്റ്റർ എം.ബി.എ. ജൂലൈ 2017 പരീക്ഷയിൽ പത്തനംതിട്ട മൗണ്ട് സിയോൺ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഷിനു അബ്രഹാം, തിരുവല്ല മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിലെ അനീഷ് അബ്രഹാം, പത്തനംതിട്ട മുസലിയാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിലെ ശരണ്യ സത്യനേശൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ - വേദാന്ത, സാഹിത്യ (സി.എസ്.എസ്. ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. സോഷ്യോളജി, ഹിന്ദി (സി.എസ്.എസ്. ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം.

**എം.ജി. സർവ്വകലാശാലാ കലോത്സവം: രജിസ്ട്രേഷൻ ആരംഭിച്ചു**

മാർച്ച് 9 മുതൽ 13 വരെ എറണാകുളത്ത് നടക്കുന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ കലോത്സവത്തിലേക്കുള്ള (അശാന്തം 2018) മത്സരാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. അവസാന തീയതി മാർച്ച് 7 വൈകീട്ട് 5 മണി. www.mgkalolsavam.in എന്ന വെബ്സൈറ്റിലൂടെ കോളേജുകൾ വഴി ഓൺലൈനായി രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷന്റെ പകർപ്പ്, എം.ജി. സർവ്വകലാശാലാ കലോത്സവം 'അശാന്തം 2018' സ്വാഗതസംഘം ഓഫീസ്, മഹാരാജാസ് കോളേജ്, എറണാകുളം - 682011 എന്ന വിലാസത്തിൽ മാർച്ച് 8ന് വൈകീട്ട് 5 മണിക്ക് മുമ്പായി തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9744806696.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**